**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 240** **22-07-2021 - ൽ മറുപടിയ്ക്ക്**

**മഞ്ചേശ്വരം മണ്ഡലത്തിലെ കെ.എസ്.ഇ.ബി. ഓഫീസുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എ കെ എം അഷ്‌റഫ് | | Shri. K. Krishnankutty<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | മഞ്ചേശ്വരം മണ്ഡലത്തിൽ എത്ര കെ.എസ്.ഇ.ബി. ഓഫീസുകളാണ് നിലവിലുള്ളതെന്നും ഓരോ സെക്ഷൻ ഓഫീസിലും എത്ര വീതം ഉപഭോക്താക്കളാണ് ഉള്ളതെന്നും വ്യക്തമാക്കുമോ;കെ എസ് ഇ ബി; | (എ) | മഞ്ചേശ്വരം മണ്ഡലത്തിന്റെ കീഴിലുള്ള സെക്ഷൻ ഓഫീസുകളും, നിലവിലുള്ള ഉപഭോക്താക്കളുടെ എണ്ണവും അനുബന്ധമായി ചേർത്തിരിക്കുന്നു. ഇവ കൂടാതെ വിതരണ വിഭാഗത്തിന്റെ കിഴിൽ ഇലക്ട്രിക്കൽ സബ് ഡിവിഷൻ ഉപ്പളയും, പ്രസരണ വിഭാഗത്തിന്റെ കിഴിൽ മഞ്ചേശ്വരം 110 കെ. വി. സബ്സ്റ്റേഷൻ, കുബന്നൂർ 110കെ വി. സബ്സ്റ്റേഷൻ, അനന്തപുരം 33കെ വി. സബ്സ്റ്റേഷൻ, പെർള 33കെ വി. സബ്സ്റ്റേഷൻ എന്നീ ഓഫീസുകളും പ്രവർത്തിക്കുന്നുണ്ട്. |
| (ബി) | ഒരു സെക്ഷൻ ഓഫീസ് വിഭജിച്ച് പുതിയ ഓഫീസ് തുടങ്ങുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്നറിയിക്കുമോ; | (ബി) | പുതിയ സെക്ഷൻ ഓഫീസുകൾ അനുവദിക്കുന്നതിന് പ്രത്യേക മാനദണ്ഡങ്ങൾ നിലവിലില്ല. |
| (സി) | ഉപഭോക്താക്കളുടെ വർധനവിന് അനുസൃതമായി മഞ്ചേശ്വരം മണ്ഡലത്തിൽ പുതിയ സെക്ഷൻ ഓഫീസിന്റെ ആവശ്യമുണ്ടോ; ഇത് സംബന്ധിച്ച് എന്തെങ്കിലും പ്രപ്പോസലുകൾ നലവിൽ ഉണ്ടോ; വിശദമാക്കാമോ ; | (സി) | പുതുതായി സെക്ഷൻ ഓഫീസുകൾ ആരംഭിക്കുന്നതിന് അധികമായി മാനവശേഷി ആവശ്യമായി വരുമെന്നതിനാലും ഇതിനായി ചെലവഴിക്കേണ്ടി വരുന്ന തുക താരിഫിൽ ഉൾക്കൊള്ളിക്കുന്നതുവഴി വൈദ്യുതി നിരക്ക് വർദ്ധനവിന് കാരണമാകുമെന്നതിനാലും നിലവിലുള്ള സെക്ഷൻ ഓഫീസുകൾ വിഭജിച്ച് പുതിയ ഓഫീസുകൾ ആരംഭിക്കുന്ന കാര്യം ഇപ്പോൾ ബോർഡിന്റെ പരിഗണനയിലില്ല. എന്നാൽ ആധുനിക സാങ്കേതിക വിദ്യകൾ കൂടി ഉപയോഗപ്പെടുത്തി വൈദ്യുത സേവനങ്ങൾ മെച്ചപ്പെടുത്തുന്നതിനും സമയബന്ധിതമായി നടപ്പിലാക്കുന്നതിനും വേണ്ടി ബോർഡ് നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ഡി) | ഉപ്പള സെക്ഷൻ ഓഫീസ് വിഭജിച്ച് പുതിയ സെക്ഷൻ ഓഫീസ് തുടങ്ങുന്നതിനുള്ള നടപടി സ്വീകരിക്കുമോ? | (ഡി) | പുതുതായി സെക്ഷൻ ഓഫീസുകൾ ആരംഭിക്കുന്നതിന് അധികമായി മാനവശേഷി ആവശ്യമായി വരുമെന്നതിനാലും ഇതിനായി ചെലവഴിക്കേണ്ടി വരുന്ന തുക താരിഫിൽ |

| | | | |
|---|---|---|---|
| | | | ഉൾക്കൊള്ളിക്കുന്നതുവഴി വൈദ്യുതി നിരക്ക് വർദ്ധനവിന് കാരണമാകുമെന്നതിനാലും നിലവിലുള്ള സെക്ഷൻ ഓഫീസുകൾ വിഭജിച്ച് പുതിയ ഓഫീസുകൾ ആരംഭിക്കുന്ന കാര്യം ഇപ്പോൾ ബോർഡിന്റെ പരിഗണനയിലില്ല. എന്നാൽ ആധുനിക സാങ്കേതിക വിദ്യകൾ കൂടി ഉപയോഗപ്പെടുത്തി വൈദ്യുത സേവനങ്ങൾ മെച്ചപ്പെടുത്തുന്നതിനും സമയബന്ധിതമായി നടപ്പിലാക്കുന്നതിനും വേണ്ടി ബോർഡ് നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ

**<u>അനുബന്ധം</u>**

| **സെക്ഷൻ ഓഫീസിന്റെ പേര്** | **ഉപഭോക്താക്കളുടെ എണ്ണം** |
|---|---|
| മഞ്ചേശ്വരം | 20447 |
| ഉപ്പള | 23030 |
| വൊർക്കാടി | 16526 |
| പൈവളിഗെ | 13379 |
| കുമ്പള | 16972 |
| സീതാംഗോളി | 15414 |
| പെർള | 12031 |

സെക്ഷൻ ഓഫീസർ